## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.174

02-03-2020 - ൽ മറുപടിയ്ക്ക്

# അഗ്നി സുരക്ഷാ വകുപ്പിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.കെ.സി.മമ്മത് കോയ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഗ്നി സുരക്ഷാ വകുപ്പിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) 1) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വാർഷിക പദ്ധതി ഇനത്തിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ 39 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ 40.12 കോടി രൂപയും, 2018-19 സാമ്പത്തിക വർഷത്തിൽ 65 കോടി രൂപയും, 2019-20 സാമ്പത്തിക വർഷത്തിൽ 70 കോടി രൂപയും അഗ്നിരക്ഷാ വകുപ്പിന്റെ ആധുനികവത്ക്കരണത്തിനും നവീകരണത്തിനുമായി അനുവദിക്കുകയും, യൂണിഫോം ആർട്ടിക്കിളുകൾ വാങ്ങുവാനായി 10 കോടി രൂപയും അനുവദിക്കുകയും ടി തുകകൾ ഉപയോഗിച്ച് ആവശ്യമായ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുകയും ചെയ്തിട്ടുണ്ട്.<br>2. കണ്ണൂർ റീജിയണൽ ഫയർ ഓഫീസ്, കണ്ണൂർ ജില്ലാ ഫയർ ഓഫീസ്, കണ്ണൂർ സ്റ്റേഷൻ, കോഴിക്കോട് ജില്ലയിലെ മുക്കം, എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ, ഏലൂർ, കൊല്ലം ജില്ലയിലെ കടയ്ക്കൽ ഫയർസ്റ്റേഷനുകൾ എന്നിവയ്ക്ക് പുതിയ കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, ആലപ്പുഴ ജില്ലയിലെ അരൂർ, തൃശ്ശൂർ ജില്ലയിലെ നാട്ടിക എന്നിവിടങ്ങളിൽ 53 പുതിയ തസ്തികകളോട്ടുകൂടി പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു.<br>3. വകുപ്പിന്റെ കീഴിൽ സന്നദ്ധ സേവകരെ ഉൾപ്പെടുത്തി സിവിൽ ഡിഫൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.<br>4. വകുപ്പിന്റെ ചരിത്രത്തിൽ ആദ്യമായി 100 ഫയർ വുമൺ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി.<br>5. വകുപ്പിൽ ഫയർ എൻ.ഒ.സി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് ഓൺ ലൈൻ വെബ്പോർട്ടൽ സംവിധാനം ഏർപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയത് നടപ്പിൽ |

വരുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ട ത്തിലാണ്.

6. നിലവിലുള്ള തസ്തികകളും ഇൻഫ്രാസ്ട്രക്ച്ചറുകളും ഉപയോഗപ്പെടുത്തി 100 ജീവനക്കാരെ ഉൾപ്പെടുത്തി കൊണ്ട് സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപപ്പെടുത്തുക യുണ്ടായി.

7. വെള്ളപ്പൊക്ക ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആപതമിത്ര പദ്ധതി നടപ്പിലാക്കുകയും പൊതുജനങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്തു വരുന്നു. കേരള യുവജനക്ഷേമ ബോർഡ് രൂപീകരിച്ച കേരള യൂത്ത് ആക്ഷൻ ഫോഴ്സിലെ തെരഞ്ഞെടുത്ത 100 യുവജനങ്ങൾക്ക് അക്കാദമിയിൽ അഗ്നിസുരക്ഷാ പരിശീലനം നൽകുകയുണ്ടായി. കൂടാതെ 100 വനിതകൾക്ക് പ്രസ്തുത പരിശീലനം നൽകുന്നതിനുള്ള നടപടികൾ പരിഗണനയിലുമാണ്.

8. ഫോർട്ട് കൊച്ചി കേന്ദ്രമാക്കി ജലസുരക്ഷാ വിദഗ്ദ്ധ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ബി) അഗ്നി സുരക്ഷാ ജീവനക്കാർക്ക് അതിനൂതനമായ സുരക്ഷാ സംവിധാനങ്ങൾ ലഭ്യമാക്കി യിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

ബി) ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ അതിനൂതനമായ സുരക്ഷാ സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തരം | എണ്ണം |
|---|---|---|
| 1 | ബ്രീത്തിംഗ് അപ്പാരസ് സെറ്റ് | 546 |
| 2 | ഹെൽമെറ്റ് വിത്ത് വൈസർ (ഫയർമാൻ ഹെൽമെറ്റ്) | 4593 |
| 3 | സ്കൂബാ സെറ്റ് വിത്ത് ഡൈവിംഗ് സ്യൂട്ട് | 125 |
| 4 | റെയിൻ കോട്ട് | 3660 |
| 5 | ഗംബൂട്ടുകൾ | 4196 |
| 6 | ഫയർ ഫൈറ്റിംഗ് സ്യൂട്ട് | 1500 |

സി) കേരളത്തിൽ പുതിയ അഗ്നി രക്ഷാ നിലയങ്ങൾ അനുവദിച്ചി ട്ടുണ്ടോ; എങ്കിൽ എവിടെയൊ ക്കെയെന്ന് വിശദമാക്കാമോ?

സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, ആലപ്പുഴ ജില്ലയിലെ അരൂർ, തൃശ്ശൂർ ജില്ലയിലെ നാട്ടിക എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ